# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4981

21/10/2011-ൽ മറുപടിക്ക്

## സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടി

**ചോദ്യം** | **ഉത്തരം**

ശ്രീ. പി.റ്റി.എ. റഹിം :

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കേന്ദ്രസർക്കാർ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ സംസ്ഥാന സർക്കാരിന് എന്തു സഹായമാണ് ചെയ്തത്; | (എ) കേന്ദ്രസർക്കാരിൽ നിന്നും സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി സാമ്പത്തിക സഹായം ഒന്നും ലഭിച്ചിട്ടില്ല. |
| (ബി) സംസ്ഥാന സർക്കാർ, സച്ചാർ കമ്മീഷൻ ശുപാർശ നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (ബി) ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിലെ സാഹചര്യങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിന് ലഭിച്ച നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയും പ്രധാന ശുപാർശകളിലൊക്കെ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയിൽ ആനുകൂല്യം ലഭിക്കുന്നത് സംസ്ഥാനത്തെ എതെല്ലാം ന്യൂനപക്ഷ വിഭാഗങ്ങൾക്കാണെന്ന് വെളിപ്പെടുത്താമോ? | (സി) പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ ആനുകൂല്യം ലഭിക്കുന്നവരായി സംസ്ഥാനത്തുള്ള ന്യൂനപക്ഷ വിഭാഗങ്ങൾ മുസ്ലീങ്ങളും, ക്രിസ്ത്യാനികളുമാണ്. |

സെക്ഷൻ ഓഫീസർ.